പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 960 29.09.2011-ൽ മറുപടിക്ക്.

**ശ്രീമതി സരിതയുടെ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി. രാജേഷ് | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

(എ) കണ്ണൂർ ജില്ലയിലെ മാടായി വിദ്യാഭ്യാസ ഉപജില്ലയിൽപ്പെട്ട ഗവൺമെന്റ് വെൽഫയർ എൽ.പി.സ്കൂൾ പി.ഡി ടീച്ചറായ ശ്രീമതി. സരിതയുടെ മകളുടെ കോക്ളിയർ ഇംപ്ളാന്റേഷൻ ശസ്ത്രക്രിയക്കുവേണ്ടി സർക്കാർ ജീവനക്കാർക്കുള്ള പലിശരഹിത വായ്പ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആക്കി മാറ്റാൻ നൽകിയ അപേക്ഷയിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(എ) ശ്രീമതി. സരിതയുടെ അപേക്ഷയിന്മേൽ നടപടി സ്വീകരിച്ച് 02/09/2011 ലെ 36717/പി3/11/പൊവി നമ്പർ സർക്കാർ കത്ത് പ്രകാരം വിവരം അപേക്ഷകയെ അറിയിച്ചിട്ടുണ്ട്. ശ്രീമതി കെ.സരിത യ്ക്ക് പലിശ രഹിത മെഡിക്കൽ അഡ്വാൻസ് അനുവദിച്ച 25-02-11 ലെ ഉത്തരവിൽ കോക്ളിയർ ഇംപ്ളാന്റേഷൻ സർജറിയ്ക്ക് മെഡിക്കൽ റീ ഇംബേസ്മെന്റ് അനുവദിക്കില്ല എന്ന് വ്യക്തമാക്കിയിരുന്നു. പ്രസ്തുത അപേക്ഷക 2,451/- രൂപ വീത മുള്ള 260 മാസ തവണകളായാണ് അഡ്വാൻസ് തിരിച്ചടക്കേണ്ടത്. കൂടാതെ ടി തുക കൃത്യമായി അടക്കുകയാണെങ്കിൽ പലിശയും ഈടാക്കാറില്ല. ജീവൻ നില നിർത്തുന്നതിനോ ജീവന് ഭീക്ഷണി ആയ അസുഖം ചികിത്സിക്കാനോ ആണ് സർക്കാർ പലിശ രഹിത വായ്പ നല്കുന്നത്. മാത്രമല്ല, കോക്ളിയർ ഇംപ്ളാ ന്റേഷൻ സർജറി. പോലുള്ള ചികിത്സകൾക്ക് റീ- ഇംബേഴ്സ്മെന്റ്

| | |
|---|---|
| | അനുവദിക്കുന്നത് ,സർക്കാരിന് ഭാരിച്ച സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതാണ്. ഇക്കാരണങ്ങളാലാണ് അപേക്ഷകയുടെ ആവശ്യം നിരസിച്ചത്. |
| (ബി) ഇത് സംബന്ധിച്ച് ഉത്തരവ് ഉടൻ പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) ബാധകമല്ല |

സെക്ഷൻ ഓഫീസർ.